# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 7648

15-07-2014 ൽ മറുപടിയ്ക്ക്

### എക്സൈസ് ഉദ്യോഗസ്ഥർക്ക് ആരോഗ്യ ഇൻഷ്വറൻസ് പരിരക്ഷ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.എ.മാധവൻ :<br>ശ്രീ. ആർ.സെൽവരാജ് :<br>ശ്രീ. ഹൈബി ഈഡൻ :<br>ശ്രീ. ഷാഫി പറമ്പിൽ : | | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും, തുറമുഖവും, എക്സൈസും വകുപ്പ് മന്ത്രി) | |
| എ) | എക്സൈസ് ഉദ്യോഗസ്ഥർക്ക് ആരോഗ്യ ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ യെന്ന് വിശദമാക്കുമോ; | എ) | 28-06-2014 ലെ സ.ഉ.(എം.എസ്).102/ 2014/റ്റി.ഡി പ്രകാരം എക്സൈസ് വകുപ്പിലെ യൂണിഫോംഡ് വിഭാഗത്തിന് ആരോഗ്യ ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്. |
| ബി) | എന്തെല്ലാം കാര്യങ്ങൾക്കാണ് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുള്ളത്; | ബി) | ഔദ്യോഗിക കൃത്യനിർവ്വഹണത്തിനിടെ ഉണ്ടാകുന്ന പരിക്ക്, മരണം മുതലായ കാര്യങ്ങൾക്കാണ് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുള്ളത് |
| സി) | ഇതിനുള്ള തുക എങ്ങനെ സമാഹരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വിശദമാക്കുമോ; | സി) | ഇതിനുള്ള തുക സർക്കാർ വഹിക്കുന്ന താണ്. |
| ഡി) | ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ? | ഡി) | 2014-15 സാമ്പത്തിക വർഷത്തിലെ ആദ്യ ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തി 2 കോടി രൂപ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ